തീരുമാനമനുസരിച്ചുള്ള ബൾക്ക് പർച്ചേസിന് തടസ്സമാക്കുകയില്ല എന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവ് മൂലം ഗ്രാമപഞ്ചായത്തുകൾക്ക് ഇതുവരെ മെഷീൻ വാങ്ങാൻ കഴിഞ്ഞിട്ടില്ല.

(സി) ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും സ്വീകരിച്ചിട്ടുള്ള തുക തിരികെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ 24-1-2003-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ മറ്റു നടപടികളൊന്നും തന്നെ ഇതുവരെ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തുവകുപ്പിലെ ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുകൾ

108 (3062)ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു വകുപ്പിൽ ലോവർഗ്രേഡ് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ ഈ ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചു ;

(സി) പി.എസ്.സി. നേരിട്ടുള്ള നിയമനത്തിന് എത്ര തസ്തികകളാണ് മാറ്റിവച്ചിട്ടുള്ളത് ;

(ഡി) ഇവ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 17 ഒഴിവുകൾ.

(ബി) ഉണ്ട്. 106 പേരെ നിയമിച്ചു.

(സി) ആകെയുള്ള ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ (544) 40% ആണ് മാറ്റിവച്ചിട്ടുള്ളത്.

(ഡി) പി.എസ്.സി. നിർദ്ദേശിച്ച 123 ഉദ്യോഗാർത്ഥികളിൽ 106 പേർക്ക് നിയമനം നൽകി. ബാക്കിയുള്ളവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പഞ്ചായത്തു വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുകൾ

109 (3063)ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly